**നം.** എസ്.വൈ(1)/**15205/2014/ഡി.പി.ഐ** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി:25.03.2015.

**<u>സർക്കുലർ</u>**

**വിഷയം:-** പൊ.വി.- അസിസ്റ്റന്റ് സൂപ്പർചെക്ക് ഓഫീസർ- പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

**സൂചന:**
1. ജി.ഒ (എം.എസ്)നം.47/02 തീയതി:21.03.2002.
2. ഈ ഓഫീസിലെ 22.09.2014.ലെ ഇതേ നം.സർക്കുലർ.

പൊതുവിദ്യാഭ്യാസ വകുപ്പിലെ സൂപ്പർചെക്ക് സെല്ലിൽ അസിസ്റ്റന്റ് സൂപ്പർ ചെക്ക് ഓഫീസർ തസ്തിക പ്രൈമറി ഹെഡ്മാസ്റ്റർമാരിൽ നിന്നും നിയമിക്കാൻ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് 10 വർഷത്തെ ഹെഡ്മാസ്റ്റർ സർവ്വീസും അക്കൗണ്ടന്റ് ടെസ്റ്റ് ലോവർ, കെ.ഇ.ആർ എന്നിവ പാസായിട്ടുള്ള 1.4.14.ൽ തുടരുന്ന പ്രധാനാദ്ധ്യാപകരിൽ നിന്നും സൂചന 2 പ്രകാരം സർവ്വീസ് കാർഡ് ആവശ്യപ്പെട്ടിരുന്നു. മേൽ പ്രകാരം ലഭിച്ച സർവ്വീസ് കാർഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത ലിസ്റ്റിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും പരാതികളും 30.04.2015 നുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തുടർന്ന് 15.5.2015 ന് ലിസ്റ്റ് അന്തിമപ്പെടുത്തുന്നതാണ്. പിന്നീട് ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആയതിനാൽ സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:- 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
(സർക്കുലറും ലിസ്റ്റും സംബന്ധിച്ച വിവരം പ്രധാനാദ്ധ്യാപകരെ അറിയിക്കേണ്ടതാണ്).

വി